**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2304** **12-10-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന്റെ വരുമാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഡാമുകളിലെ എക്കലും മണലും വാരി മാറ്റി വിറ്റഴിക്കുന്നതിലൂടെ സംസ്ഥാനത്തിന് ലഭിക്കാവുന്ന വരുമാനം ധനകാര്യ വകുപ്പ് കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | കണക്കാക്കിയിട്ടില്ല |
| (ബി) | സാധാരണ ജനങ്ങളെ നേരിട്ട് ബാധിക്കാതെ സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിന് മറ്റേതെല്ലാം മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനാണ് പദ്ധതികൾ രൂപകല്പന ചെയ്തിട്ടുള്ളത്; വിശദാംശം നൽകുമോ; | (ബി) | ആസൂത്രണ സാമ്പത്തിക കാര്യ(സിപിഎംയു) വകുപ്പിന്റെ 25.10.2019-ലെ സ.ഉ(കൈ) നം.457/2019/പി&ഇഎ ഉത്തരവ് പ്രകാരം സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുവാനും വിഭവ സമാഹരണം മെച്ചപ്പെടുത്തുവാനും ധനകാര്യ-നികുതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, വിവിധ വകുപ്പുകളിൽ നിന്നും വരുമാന വർദ്ധനവിനുള്ള സാധ്യതകൾ ആരായുകയും, വകുപ്പുകളിൽ നിന്നും ലഭ്യമായ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ വകുപ്പ് തല അവലോകനം നടത്തി നടപടി സ്വീകരിച്ച് വരുകയും ചെയ്യുന്നു |
| (സി) | പെട്രോളിയം ഉല്പന്നങ്ങളുടെയും പാചകവാതകത്തിന്റെയും വില വർദ്ധനവ് പ്രതിരോധിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | പെട്രോളിയം ഉല്പന്നങ്ങളുടെ വില നിയന്ത്രണാധികാരം സംസ്ഥാനത്തിന്റെ പരിധിയിൽ വരുന്നതല്ല. |

സെക്ഷൻ ഓഫീസർ